# GLPS AMANDUR

പി. ഒ. കോതപറമ്പ്
കൊടുങ്ങല്ലൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## LP (I - IV)



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26




## ജി.എൽ.പി.എസ്.ആമണ്ടൂർ
## PO കോതപറമ്പ്, കൊടുങ്ങല്ലൂർ

Profile

| | | |
|---|---|---|
| Name of School | | GLPS Amandur |
| Date of establishment | | 07-10-1924 |
| Name of Village | | S N Puram |
| Name of Cluster | : | |
| Name of Panchayat | : | S N Puram |
| Name of Block | : | Mathilakam |
| Name of BRC | : | Mathilkam |
| Name of District | : | Thrissur |
| Name of Sub district | : | Kodungallur |
| Name of HM | : | BINDU L.K |
| Mob Number | : | 7034020193 |
| Senior Assistant | : | HARIS C A |
| Email Id | : | glpsamandur@gmail.com |
| School Code | : | 23420 |
| Name of Taluk | : | Kodungallur |

# ജി.എൽ.പി.എസ്.ആമണ്ടൂരിന്റെ ചരിത്രം



കൊടുങ്ങല്ലൂർ താലൂക്കിലെ ശ്രീനായണപുരം പഞ്ചായത്തിലെ  ആമണ്ടൂർ എന്ന ഗ്രാമപ്രദേശത്താണ് ജി.എൽ.പി.എസ്.ആമണ്ടൂർ സ്ഥിതി ചെയ്യുന്നത്.

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ 1924 ഒക്ടോബർ 7 നാണ് സ്കൂൾ സ്ഥാപിക്കപ്പെട്ടത്. അന്നത്തെ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റ് ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടായിരുന്നു.

മദ്രാസ് ഗസറ്റിൽ പരസ്യം ചെയ്ത ഡി.പി.ഐ (ലോവർ എഡ്യൂക്കേഷൻ) ജി.ഒ, 1550 പ്രകാരം 1924 ൽ സ്കൂൾ ആരംഭിച്ചു.കണ്ടെത്തിയ സ്കൂൾ അഡ്മിഷൻ രജിസ്റ്റർ പ്രകാരം 7-10-1924 ൽ പ്രവേശനം നേടിയ വേലായുധൻ പൂതോട്ട് ആണ് ആദ്യ വിദ്യാർത്ഥി.

റിട്ട. തഹസിൽദാരായിരുന്ന അഹമ്മദ് മൊയ്തീൻ കാട്ടകത്തിന്റെ നേതൃത്വത്തിലുള്ള നാട്ടുകാരാണ് സ്കൂൾ സ്ഥാപിക്കുന്നതിനായി മുൻകൈയെടുത്തത്. ഈ പ്രദേശത്തുള്ള കുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യമാക്കി നാട്ടുകാരുടെ ആവശ്യപകാരം അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ കാട്ടകത്ത് അഹമ്മദ് കൊച്ചുണ്ണി ആദമുറിപ്പറമ്പിൽ സ്ഥലം വിട്ടുകൊടുക്കുകയും അവിടെ സ്കൂൾ സ്ഥാപിക്കുകയും ചെയ്തു.

ആദ്യംവാടകക്കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. കെട്ടിടം പ്രവർത്ത നയോഗ്യമല്ലാതിരുന്നതിനാൽ കാട്ടകത്ത് അഹമ്മദ്, ചെറൂളിപ്പറമ്പിൽ മുഹമ്മദ് എന്നീ വ്യക്തികളുടെ വീടുകളിലേക്ക് താല്ക്കാലികമായി സ്കൂളിന്റെ പ്രവർത്തനം മാറ്റി.
മുൻപ് പ്രവർത്തിച്ചിരുന്ന സ്ഥലത്തുതന്നെ 5-5-1972 ൽ പുതിയകെട്ടിടത്തിന് പി.ടി.എ
പ്രസിഡന്റായിരുന്ന കാട്ടകത്ത് മുളങ്ങാട്ട് മുഹമ്മദ് ഹാജി തറക്കല്ലിടുകയും 1972 ൽ പുതിയ കെട്ടിടത്തിലേക്ക് സ്കൂളിന്റെ പ്രവർത്തനം മാറ്റുകയും ചെയ്തു.

സ്കൂളിന്റെ സ്ഥാപനത്തിലും , പ്രവർത്തനത്തിലും നാട്ടുകാരും പി.ടി.എ. യും സജീവ പങ്കാളിത്തമാണ് വഹിച്ചിരുന്നത്. ഇതിനുവേണ്ടി പ്രയത്നിച്ചവരിൽ ഒരു പ്രമുഖ വ്യക്തിയായിരുന്നു അന്നത്തെ പ്രധാനാദ്ധ്യാപകനായിരുന്ന കുമാരൻ മാസ്റ്റർ .

ആദ്യകാലത്ത് അഞ്ചാം സ്റ്റാൻഡേർഡുവരെ ഉണ്ടായിരുന്നുവെങ്കിലും 1950 ൽ അത് നിർത്തലാക്കുകയും നാലാതരം വരെ ക്ലാസ്സുകൾ പരിമിതപ്പെ ടുത്തുകയും ചെയ്തു.

ഒരു കാലത്ത് 300വിദ്യാർത്ഥികളും പന്ത്രണ്ട് അധ്യാപകരും ഉണ്ടായിരുന്ന വിദ്യാലയം 2008 - 09 വർഷം ആയപ്പൊഴേക്കും 28 കുട്ടികളും HM ഉൾപ്പെടെ 5 അധ്യാപകരും എന്ന നിലയിലേക്ക് ചുരുങ്ങി. പിന്നീട് ജനകീയ ഇടപെടലിന്റെയും അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായ പരിശ്രമത്തിന്റെയും ഫലമായി ഇപ്പോൾ പ്രീ പ്രൈമറി ഉൾപ്പെടെ 160 ഓളം കുട്ടികളും 8 അധ്യാപകരും 2 അനധ്യാപകരും എന്ന അവസ്ഥയിലേക്ക് വിദ്യാലയം എത്തിച്ചേർന്നിട്ടുണ്ട്.

ശ്രീ. TA സൈഫുട്ടീൻ PTA പ്രസിഡണ്ടും V K സുനീത ടീച്ചർ പ്രഥമാധ്യാപികയുമായിരുന്നപ്പോൾ മികവാർന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരം എന്ന നിലയിൽ 2019 - 20 വർഷത്തിൽ, കൊടുങ്ങല്ലൂർ ഉപജില്ലയിലെ ഏറ്റവും നല്ല PTA യായി ജി.എൽ.പി.എസ്.ആമണ്ടൂർ PTA തിരഞ്ഞെടുക്കപ്പെട്ടു.

നിലവിൽ ശ്രീ.V.A. മുഹമ്മദ് റഫീക്ക് (PTA പ്രസിഡണ്ട്) E.K. ബിന്ദു ടീച്ചർ (ഹെഡ്മിസ്ട്രസ്) എന്നിവരുടെ നേതൃത്വത്തിലുള്ള PTA, ശ്രീ.അബ്ദുൽ ഗഫൂർ ചെയർമാനായ SMC, ശ്രീമതി. നസ്ന ഷാഫി അധ്യക്ഷയായ MPTA, ശ്രീ T.A. സൈഫുദ്ദീൻ നേതൃത്വം നൽകുന്ന SDC, ശ്രീ. നിതീഷ് കുമാർ പ്രസിഡണ്ടായ OSA എന്നീ വിദ്യാലയ സമിതികൾ മികച്ച പിന്തുണയാണ് വിദ്യാലയത്തിന് നൽകിക്കൊണ്ടിരിക്കുന്നത്.

ഈ വിദ്യാലയം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 47 സെന്റാണ്. മേൽക്കൂര ഓടുമേഞ്ഞ അടച്ചുറപ്പുള്ള സ്ഥിരമായ കെട്ടിടത്തിൽ വിശാലമായ
7 ക്ലാസുമുറികളും ഒരു ഓഫീസുമുറിയും ഉണ്ട് . സുനാമി പദ്ധതി പ്രകാരം പണിത 800 ചതുരശ്ര അടിയുള്ള ഒരു കെട്ടിടം സ്റ്റേജും ഓഡിറ്റോറിയവുമായി ഉപയോഗിച്ച് വരുന്നു.

അടച്ചുറപ്പുള്ള പാചകപ്പുരയും ഒരു ചെറിയ ഡൈനിങ്ങ്ഹാളും 2018 ൽ MLA ഫണ്ടിൽ നിന്നും പണി കഴിപ്പിച്ചു.

മൂന്ന് സ്മാർട്ട് ക്ലാസ് മുറികളും കംപ്യൂട്ടർ ലാബും ക്ലാസ് ലൈബ്രറികളുമുണ്ട്.

ശിശു സൗഹൃദ ഇരിപ്പിടങ്ങളുള്ള രണ്ട് പ്രീ പ്രൈമറി ക്ലാസ് റൂമുകളും ഉണ്ട് .

കുട്ടികൾക്ക് ആനുപാതികമായി ശുചി മുറികളും, പുതുക്കിപ്പണിത ചുറ്റുമതിലും ഉണ്ട് .

വൈദ്യുതിയും ഇന്റർനെറ്റ് സൗകര്യവും കുടിവെള്ള സംവിധാനങ്ങളുമുണ്ട്

SSK സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രീ-പ്രൈമറി നവീകരണത്തിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതുതായി രണ്ടു ക്ലാസ് മുറികൾ പണിയുന്നതിനായി 20 ലക്ഷവും അനുവദിച്ചിട്ടുണ്ട്.

അക്കാദമിക മികവിന്റെ ഉദാഹരണമായി 2019 - 20 വർഷത്തിൽ 8 കുട്ടികൾ എൽ.എസ്.എസ് പരീക്ഷ വിജയിക്കുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിലും ഈ വിദ്യാലയത്തിലെ കുട്ടികൾ LSS,ഉപജില്ലാ മേളകൾ, പൊതുവിജ്ഞാന മൽസരങ്ങൾ എന്നിവയിൽ മികച്ച പ്രകടനമാണ് നടത്തുന്നത്.

ഭൗതികവും അക്കാദമികവുമായ മികവു പുലർത്തുന്ന ഒരു പൊതു വിദ്യാലയം എന്ന നിലയിൽ ജി.എൽ പി എസ് . ആമണ്ടൂർ പുരോഗതിയുടെ പാതയിലാണെന്ന് നിസ്സംശയം പറയാം.

# ലക്ഷ്യങ്ങൾ
## 2025-26

2025-26

ലക്ഷ്യം :-

1. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സൗഹൃദപരമായതും ശിശുകേന്ദ്രീകരി-ച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതരപ്രവർത്തനങ്ങളും സംഘടിപ്പിക്ക
2. ഓരോ കുട്ടിയും അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു-വെന്നു ഉറപ്പു വരുത്തുക.
3. ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പഠനം ആയാസരഹിതവു ആഹ്ലാദകരവുമായി മാറ്റൽ.
4. ദിനാചരണങ്ങൾ അക്കാദമിക ലക്ഷ്യത്തോടെ മാത്രം സംഘടിപ്പിക്കുന്നു.
5. പഠനകാര്യത്തിലും പഠനാനുബന്ധരംഗത്തും രക്ഷിതാക്കളുടെ നിരന്തര-പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. പാഠഭാഗവുമായി ബന്ധപ്പെടുത്തി പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠിക്കുന്നതിനുള്ള അവസരം ഒരുക്കുക.

7. L.S.S. പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കി വിജയിപ്പിക്കുക.
8. വിവിധ മേളകളിലും കലോത്സവങ്ങളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കുക.
9. മികവുകൾ സമൂഹത്തിൽ എത്തിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.
10. Inclusive Education ന് പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.
11. ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ, ക്ലാസ്സുകൾ സമൂഹവുമായി ബന്ധപ്പെടുത്തി ചെയ്യുക.
12. കുട്ടികളിലെ ആരോഗ്യ, വ്യായാമ, കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.
13. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക, വിദ്യാരംഗം കലാസാഹിത്യ വേദിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. പൊതുവേദിയിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുക.

മേഖല : ഭാഷ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി, ഭാഷാപരമായ മുന്നേറ്റ
നടത്തി വിദ്യാർത്ഥികളെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക്
നയിക്കുകയാണ് ഈ അക്കാദമിക വർഷത്തിലെ ഞങ്ങളുടെ ലക്ഷ്യം.
ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി മലയാളത്തി
വായനക്കൂട്ടം, എഴുത്തുകൂട്ടം എന്നീ പ്രവർത്തനങ്ങളിലൂടെ വികസനത്തി
ലേക്ക് കാലെടുത്തുവെക്കുന്നു.

വായനാശേഷി, ലേഖനശേഷി, വായനാപരിപോഷണം എന്നി
മുൻ നിറുത്തിയുള്ള പ്രവർത്തനങ്ങളിലൂടെ
മേഖലയിലെ വികാസം
ഓരോ വിദ്യാർത്ഥിയും കടന്നുപോകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
ഓരോ വിദ്യാർത്ഥിയും കടന്നുപോകുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ സമ
ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ മുഴുവൻ കുട്ടികളുടെയും ഭാഷാ
ബേസിനമായി നടപ്പിലാക്കുന്നതിലൂടെ മുഴുവൻ കുട്ടികളുടെയും ഭാഷാ
ശേഷി വികസനം സാധ്യമാക്കുകയും കുട്ടികൾ സ്വായത്തമാക്കിയ വാക്കുക
ഉപയോഗിച്ച് ലഘു ബാലസാഹിത്യകൃതികൾ, വായന കാർഡുകൾ, ...
സ്വന്തം സൃഷ്ടികൾ തയ്യാറാക്കുന്നതിനും കഴിവ് നേടുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാവർക്കും എഴുത്തും വായനയും | • പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. | ജൂൺ. | SRG SMC അധ്യാപകർ | |
| • വായനക്കൂട്ടം, ലേഖനക്കൂട്ടം എന്നീ പ്രവർത്തനങ്ങളിലൂടെ സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു. | • അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി ചിത്രകാർഡുകൾ, അക്ഷരക്കളികൾ, വർക്ക്ഷീറ്റുകൾ, രചനാമത്സരങ്ങൾ നടത്തുന്നു. | ജൂൺ ജൂലൈ | | SMC |
| | • കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ വക്കാറസ്യതമായി പിന്തുണ നൽകുന്നു. | | SRG MPTA. Class Teacher | |
| • വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക. | • ചിത്രകാർഡുകൾ നൽകി ഭാഷണത്തിന് അവസരം നൽകൽ. • വായനാസാമഗ്രി നിർമ്മാണം. | ജൂലൈ ആഗസ്റ്റ്. | Teachers | MPTA. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • അടിസ്ഥാന ഭാഷാ വികസനം.<br>• ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വീടൊരു വായന കൂട് വിവിധ തലങ്ങളുടെ പരിചയപ്പെടൽ. | • പാട്ടും കഥകളുമായി കൂട്ടങ്ങൾ സംഘടിപ്പിക്കുന്നു. പാട്ടുകൂട്ടം, കഥാകൂട്ടം എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>• പുസ്തകശേഖരണം അഭിരുചി വളർത്തുന്നു. | സെപ്തംബർ | അധ്യാപകർ<br>SRG.<br>MPTA. | PTA.<br>SSR. |
| • ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ്.<br>സർഗ്ഗാത്മകതയെ - തട്ടിയുണർത്താം. | • ലഘുപതിപ്പുകൾ തയ്യാറാക്കുന്നു.<br>ലഘു രചനയിലേക്ക് നയിക്കുന്ന രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>രചനാ മത്സരങ്ങൾ ക്ലാസ്സ് തലങ്ങളിൽ നടത്തുന്നു. സ്കൂൾ തലങ്ങളിൽ നടത്തുന്നു. | ഒക്ടോബർ | അധ്യാപകർ<br>SRG. | SMC<br>PTA. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അമ്മ വായന - രക്ഷിതാക്കളുടെ സഹകരണത്തോടെ വായന പ്രോത്സാഹനം. | പൊതുസമൂഹവുമായി ബന്ധപ്പെട്ട് (രക്ഷിതാക്കളുമായി) വായനയെ പ്രചരിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | നവംബർ. | Teachers<br>MPTA | SMC. |
| • വായന പരിപോഷണം. | -വായനക്കളരി.<br>- അമ്മ വായന.<br>- നാട്ടുവായന | | | |
| • ലൈബ്രറി നവീകരണം. | - പുസ്തകശേഖരണം. | | | |
| • സാഹിത്യ പ്രതിഭകളെ അടുത്തറിയാം. | -കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ഡിസംബർ. | SRG<br>PTA.<br>Teachers | PTA.<br>SMC. |
| | - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | ജനുവരി.<br>to | | |
| • സ്കൂളൊരു വായനക്കൂട്. | - ലൈബ്രറി പ്രയോജനപ്പെടുത്തി-പ്രവർത്തനങ്ങൾ. | March. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപരമായ - പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രത്യേക പരിശീലനം നൽകികൊണ്ട് ഭാഷാപരമായി മുന്നോട്ട് കൊണ്ട് വരുന്നു. | ലക്ഷ്യം നേടുന്നത് വരെ. | HM. | PTA |
| • പാഠഭാഗവുമായി ബന്ധപ്പെട്ട് വായന-ലേഖന ശേഷികൾ വികസിപ്പിക്കുന്നു. | • ഭക്ഷ്യമേള - പാചക കുറിപ്പുകൾ<br>• കലാവതരണം<br>• ജീവിതലേഖനം തയ്യാറാക്കൽ<br>• സർഗ്ഗശേഷി പ്രദർശനം<br>• പുസ്തക പരിചയം.<br>• പ്രഭാഷണ മത്സരങ്ങൾ<br>• ക്വിസ്സ് മത്സരങ്ങൾ | വർഷം മുഴുവനും | SRG<br>Class Teacher<br>CPTA<br>MPTA. | |
| • ദിനാചരണങ്ങൾ | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | PTA. | PTA. |
| • പൊതുകാര്യങ്ങൾ. | • ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | | | |

ആമുഖം :

ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിന് ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും പറയുന്നതിനും ഉള്ള സംവിധാനമൊരുക്കുകയാണ് ചെയ്യേണ്ടത്. ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ അധികരിപ്പിച്ചാൽ കുട്ടികളിലേക്ക് ഇംഗ്ലീഷ് ഭാഷ ഭയം കൂടാതെ എത്തിച്ചേരുന്നതാണ്. ഈ അക്കാദമിക പ്ലാനിൽ ഇംഗ്ലീഷിനെ കൂടുതൽ അടുത്തറിയുന്നതിന് കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങളും കളികളും ഉൾപ്പെടുത്തിയിരുന്നു. അതിലൂടെ ഇംഗ്ലീഷ് ഭാഷയെ കുട്ടികൾക്ക് അനായാസേന എത്തിപ്പിടിക്കാനാവും.

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | കാലം |
|---|---|---|---|---|
| * ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിന് | ഇംഗ്ലീഷ് പ്രസംഗങ്ങൾ, ഇംഗ്ലീഷ് കഥ വായന ക്ലാസ്മുറിയിലെ English ഇംഗ്ലീഷ് അസംബ്ലി, റിവ്യൂസ് തിയറ്റർ | ടീച്ചർ SRG PTA | SSA | June July |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | കാലം |
|---|---|---|---|---|
| * ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് അവസരം ഒരുക്കൽ. | • വിദ്യാരംഗം സാഹിത്യവേദിയിൽ ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ<br>* English ഗെയിമുകൾ<br>* English അസംബ്ലി<br>* English Day<br>* English Radio | SRG<br>Teacher<br>SMC | SSA | July<br>August |
| * വായനയ്ക്ക് പ്രാധാന്യം നൽകി ഭാഷ ആശയമേഖലകളും ശേഷികളും ഉപയോഗിക്കാനറിവ് നേടുന്നു. | * ഇംഗ്ലീഷ് Books ഉൾപ്പെടുത്തി ക്ലാസ് ലൈബ്രറി വികസനം.<br>* വായനാദിനവുമായി ബന്ധപ്പെട്ട് വാർത്താവായന, മത്സരം സംഘടിപ്പിക്കൽ.<br>* വായനക്കുറിപ്പുകൾ സംഘടിപ്പിക്കൽ<br>* ബാല പ്രസിദ്ധീകരണ വായന പരിപോഷിപ്പിക്കൽ. | SRG<br>Teacher<br>SMC | | September<br>November |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | കാലം |
| --- | --- | --- | --- | --- |
| * തെറ്റില്ലാതെ ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി സ്വായത്തമാക്കൽ | * ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്ത ഇംഗ്ലീഷ് അസംബ്ലി<br>* ഇംഗ്ലീഷ് ഭാഷയിൽ ഡയറിയെഴുത്ത് | Teacher<br>SMC<br>SRG | | ആഴ്ചയിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് |
| * സർഗ്ഗാത്മക പരിപോഷണം | * ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ. Drama, Skit, Conversation, Story-telling etc. | | | മാസത്തിൽ ഒന്ന് |
| * സർഗ്ഗാത്മക രചനാശേഷി വികസനം | * English Radio<br>* English കഥകൾ, കവിതകൾ വണ്ണികകൾ എന്നിവ എഴുതുന്നതിനും വായിക്കുന്നതിനും രചനാവസരങ്ങൾ സംഘടിപ്പിക്കൽ.<br>* മികച്ച രചനകളെ അസംബ്ലിയിൽ ഉൾപ്പെടുത്തൽ | | | ആഴ്ചയിൽ ഒന്ന് |

| ലക്ഷ്യം | പ്രവർത്തനം | |
|---|---|---|
| * വായനാ പരിപോഷണം | * കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചു ക്ലാസ് വായനാമൂല ഒരുക്കൽ.<br>* വായനാക്കുറിപ്പ് മത്സരങ്ങൾ സംഘടിപ്പിക്കൽ. | |
| * ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് . | * രചനാമത്സരങ്ങൾ നടത്തൽ<br>* സമർത്ഥരായ കുട്ടികൾക്ക് പഠനോത്സവത്തിൽ പുരസ്കാരങ്ങൾ നൽകി മറ്റു കുട്ടികൾക്ക് മാതൃകയാക്കൽ.<br>* പൊതു സമൂഹത്തിന് മുന്നിൽ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലെ മികവിനെ തുറന്നുകാണിക്കുന്നതിന് English Corner PTA നടത്തൽ | SR<br>SMC<br>Teach

# അക്കാദമിക് പ്ലാൻ - (മലയാളം

| | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറിവിന് മധുരം | എഴുത്ത്, വായന :<br>* ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക്, അക്ഷര കാർഡുകൾ നല്കി വ്യത്യസ്തങ്ങൾ കുട്ടികൾ കൊടുക്കുന്നു. | 3 മാസം | പുസ്തകങ്ങൾ | ടീച്ചർ, മാതാപിതാക്കൾ, കുട്ടികൾ, |
| 2. | വായനാലോകം. കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | അവർ വായിച്ച കഥകൾ, കവിതകൾ, സംഭാഷണങ്ങൾ എന്നിവയുടെ ശേഖരം. നല്ല വായനക്കാരനാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. | 6 മാസം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| 3. | ക്ലാസ് വായന | ഓരോ ആഴ്ചയിൽ പിരിയിലും ആദ്യ ആഴ്ച് മിനിട്ടിൽ ഓരാൾ ഒരു ബുക്കിന്റെ ഇരു പേജ് ഉറക്കെ വായിക്കുക.<br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക. | 6 മാസം | പുസ്തകങ്ങൾ ക്ലാസ് ലൈബ്രറി | ഓരോ കുട്ടിയും അവർ വായിച്ച് ഏറെ ഇഷ്ടപ്പെട്ട കവിതയോ, കഥയോ, ചിത്രത്തോട് കൂടി ബുക്കിലേക്ക് പകർത്തുക. മാതാപിതാക്കളുടെ സഹായത്തോടെ ചിത്രം വരച്ചു ഭംഗിയാക്കി. അവർ ക്ലാസ് റൂമിൽ വായിച്ചു. കുട്ടി- |
| 4. | അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം. ക്ലാസുകൾ മാറി വരുന്ന രീതിക്ക് ഭംഗിയായി നടത്തുന്നു. | 8 മാസം | Teacherന്റെ സഹായത്തോ | കാരന് കൈമാറ |
| 5. | അക്ഷര ചാർട്ട് | ഓരോ വീട്ടിലും അക്ഷര ചാർട്ട്. | | | പഠിക്കുന്ന അക്ഷരങ്ങൾ ഓരോന്നായി ചാർട്ടിൽ ഭംഗിയായി എഴുതുന്നു. |

| | | | | | |
|---|---|---|---|---|---|
| 6. | അറബിക് മാഗസിൻ | 1-4 ക്ലാസുകളിൽ നിന്ന് കുട്ടികളുടെ കവിതകളും കളറിംഗും, കഥയും ഉൾപ്പെടുത്തി അറബിക് കയ്യെഴുത്ത് മാഗസിൻ പുറത്തിറക്കും | 4 മാസം | ഉസ്താദുമാർ | ടീച്ചർ രക്ഷിതാക്കൾ കുട്ടികൾ |
| 7. | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് മോണോആക്ട് വാർത്താ വായന, നാടകം എന്നിവ പ്രാക്ടീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | അറബി അധ്യാപകർ |
| 8. | അസംബ്ലി | മാസത്തിൽ ഒരു പ്രാവശ്യം അസംബ്ലിയിൽ പറയുന്ന പ്രതിജ്ഞ, പ്രസംഗം, വാർത്തയും ക്ലാസ് | നിരവധി അവതരിപ്പിച്ച് അസംബ്ലി ചിട്ടപ്പെടുത്ത കുട്ടികൾക്ക് | | ടീച്ചർ കുട്ടികൾ- |

ആമുഖം:-

കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതത്തിൽ കൂടുതൽ താൽപര്യം ജനിപ്പിക്കാനും ഗണിത ചിന്താശേഷി വളർത്തുന്നതിനും ഗണിതം ലളിതമാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങളാണ് ഒരുക്കേണ്ടത്. കൂടാതെ ഒറിഗാമി പ്രവർത്തനങ്ങളിലൂടെയും ശിൽപശാലകളിലൂടെയും ജ്യാമിതീയ ഗണിതത്തിന്റെ സൗന്ദര്യം തിരിച്ചറിയുന്നതിനും, പാറ്റേണുകൾ, പസിലുകൾ, ഗണിതകടംകഥകൾ ഗണിത പ്രശ്നോത്തരികൾ എന്നിവയിലൂടെയും ഗണിതത്തിന്റെ സൗന്ദര്യം കണ്ടെത്തുകയും വിഷയത്തോടുള്ള അഭിരുചിയും നല്ല രീതിയിൽ വളർത്തുന്നതിന് കുട്ടികളുടെ പ്രശ്നപരിഹാരശേഷി വളർത്തുന്നതിന് ഉള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേഖല :- അക്കാദമികം

ഉപമേഖല :- ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | 1. ഗണിതമാഗസിൻ<br>2. ഗണിത കളികൾ<br>പാമ്പും കോണിയും<br>ഒറിഗാമി | ജൂൺ - to മാർച്ച് | ക്ലാസ് ടീച്ചർ<br>Std 1<br>SRG കൺവീനർ | SSA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്താൻ | കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ.<br>ഏണിയും പാമ്പും<br>ഡയസ് കളി<br>കച്ചവടക്കളി<br>ഗ്രൂപ്പ് തിരിച്ച് ഒരു ദിവസം ഒരു ചോദ്യം എന്ന രീതിയിൽ | June to March | class Teacher 8th II<br>HM<br>SRG | SSA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയുന്നതിനും കളികളിലൂടെ ഗണിതം ലളിതമാക്കുന്നതിനും. | ഒറിഗാമി ശില്പശാല<br>ടാൻഗ്രാം നിർമിക്കൽ<br>രൂപങ്ങൾ പ്രദർശിപ്പിക്കൽ.<br>ഗണിത ചുമർ രൂപീകരണം.<br>പഠനോപകരണ നിർമ്മാണം. | June To March | class Teacher Std III | SSA |

| | | | | |
|---|---|---|---|---|
| പ്രകൃതി നടത്തം :-<br>നിരീക്ഷണം - അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടി-പ്പിക്കൽ. | ആവശ്യാനു-സരണം | HM<br>CPTA | PTA |
| ശാസ്ത്രമേള :-<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര :-<br>ശാസ്ത്രപഠനത്തിൽ താത്പ-ര്യം ജനിപ്പിക്കൽ.<br>അന്വേഷണ ത്വര വളർ-ത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മേഖലയിലെ പ്രദർശനങ്ങൾ<br>ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനു-സരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| ഭൂപടമൊരുക്കാം :-<br>കേരളം - ഇന്ത്യ<br>ഭൂപട വായന<br>സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം<br>ഇവ ഉപയോഗിക്കൽ | വർഷത്തി-ലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിന് ആസ്വദിക്കുന്നതിന് | പുഷ്പോദ്യാനം, ഔഷധ തോട്ടം, ചുമർ പത്രങ്ങൾ<br>പ്രകൃതി നടത്തം, കാഴ്ച്ച ബംഗ്ലാവിലേക്ക്.<br>കാനന കാഴ്ചകൾ | സെപ്റ്റംബർ ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ, മഴക്കുഴി നിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രപ്രതിഭകളെ അറിയാം<br>പരീക്ഷണ വീഡിയോകൾ<br>ശാസ്ത്ര മാസികകൾ | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ :- ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | അദ്ധ്യയനവർഷം | SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം :- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ചാർട്, ആൽബം, പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊ-രിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക :- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികയുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധ തോട്ടം, ശലഭവട്ടങ്ങൾ<br>പ്രകൃതി നടത്തം, കാഴ്ച്ച ബംഗ്ലാവിലേക്ക്.<br>കാനന കാഴ്ച്ചകൾ | സെപ്റ്റംബർ<br>ഡിസംബർ<br>ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് നിർമ്മാണം, മഴക്കുഴി നിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അറിയാം<br>പരീക്ഷണ വീഥികളിൽ<br>ശാസ്ത്ര മാസികകൾ | | | |